# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.85/PR/PIC/PHQ/17                                                                 Date : 22.04.2017

---

**നീതിയും സുരക്ഷയും ഉറപ്പാക്കാൻ പോലീസ് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കണം- മുഖ്യമന്ത്രി**

നീതിനിർവഹണത്തിൽ ജനങ്ങളുടെ പക്ഷത്തു നില്ക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നും അതുറപ്പാക്കാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥരും പരമാവധി ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. നീതിയുക്തമായും നിയമപരമായും പ്രവർത്തിക്കുക, ജനങ്ങൾക്ക് നീതിയും സുരക്ഷയും പക്ഷപാതിത്വമില്ലാതെ ഉറപ്പാക്കുക എന്ന ലക്ഷ്യം പൂർണ്ണമായും ഉൾക്കൊണ്ടാകണം പോലീസിന്റെ എല്ലാ മേഖലകളിലെയും പ്രവർത്തനം.

തിരുവനന്തപുരം റേഞ്ചിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുതൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ വരെയുള്ളവർക്കായി തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പലകേസുകളിലും കൃത്യമായി അന്വേഷണം നടത്തിയത് പോലീസിനെപറ്റി മതിപ്പു ഉണ്ടാക്കിയിട്ടുണ്ട്. പല നല്ല പ്രവർത്തനങ്ങളും പോലീസ് നടത്തുന്നുണ്ട്. വിദ്യാസമ്പന്നരായ മികച്ച ഉദ്യോഗസ്ഥരുള്ള പോലീസ് സേനയാണ് സംസ്ഥാനത്തുള്ളത്. എന്നാൽ കുറച്ചുപേരുടെ ഭാഗത്തുനിന്നായാലും തെറ്റായ പ്രവർത്തനങ്ങൾ സേനയുടെ ആകെ യശസ്സിനെ ബാധിക്കും. ഇത് ഒഴിവാക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

ക്രമസമാധാന പ്രശ്നങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, മദ്യപാനം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ, ഗുണ്ടാസംഘങ്ങളുടെയും പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നവരുടെയും കുറ്റകൃത്യങ്ങൾ തുടങ്ങി പലതരം പ്രശ്നങ്ങൾ നാട്ടിലുണ്ട്. പ്രശ്നങ്ങൾ കൂടുമ്പോൾ അവ നേരിടുന്നതിനുള്ള സംവിധാനങ്ങളും അതനുസരിച്ച് ശക്തിപ്പെടേണ്ടതുണ്ട്.

സ്ത്രീസുരക്ഷ സർക്കാരിന്റെ മുൻഗണനയിലുള്ള ഒന്നാണ്. ഒരു വനിതാ ഓഫീസർ ഒരു പഞ്ചായത്തിൽ ആഴ്ചയിൽ ഒരു ദിവസം പഞ്ചായത്ത് ഓഫീസിൽ പരാതികൾ സ്വീകരിക്കാൻ എത്തി നടപടികൾ സ്വീകരിക്കണം. വനിതകൾക്ക് സ്വയം രക്ഷാപരിശീലനം ഉൾപ്പെടെ വിവിധ സ്ത്രീസുരക്ഷാ പദ്ധതികൾ മുൻഗണന നല്കി നടപ്പാക്കണം. ജനമൈത്രി പദ്ധതിയുടെ കാതൽ ബീറ്റ് ഓഫീസർമാരാണ്. ബീറ്റ് ഓഫീസർമാർ കൃത്യമായി ജനങ്ങളുമായി ബന്ധപ്പെട്ട് സുരക്ഷാ സഹായങ്ങളും പ്രധാന വിവരശേഖരണവും നടത്തണം.

ഒരു തരത്തിലുള്ള അഴിമതിയും സ്വജനപക്ഷപാതവും പാടില്ല. കുറ്റകൃത്യങ്ങൾ ചെയ്തവരോട് കർശന സമീപനം പുലർത്തണം. എന്നാൽ ജനങ്ങളോട് മാന്യമായ പെരുമാറ്റം ഉറപ്പാക്കണം. മൂന്നാംമുറ സ്റ്റേഷനകത്തും പുറത്തും പാടില്ല. മൂന്നാംമുറ ഉണ്ടായാൽ ശക്തമായ നടപടിയുമുണ്ടാകും. ലോക്കപ്പ് ഭേദ്യ മുറിയാണെന്ന ധാരണയുള്ള ചില പോലീസുദ്യോഗസ്ഥരുണ്ട്. അത് മാറ്റണം.

ജനങ്ങൾക്ക് പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പുനൽകുകയാണ് പ്രധാനലക്ഷ്യം. ഒരു ചെറിയ പ്രദേശത്ത് ഉണ്ടാകുന്ന വീഴ്ചപോലും സംസ്ഥാനതലത്തിൽ പോലീസിന് ചീത്തപ്പേരുണ്ടാക്കും. ജനങ്ങൾ സ്റ്റേഷനിൽ പരാതിയുമായി വരുന്നത് എറ്റവും അത്യാവശ്യഘട്ടങ്ങളിലാണ്. അവർക്ക് ആശ്വാസകരമായ രീതിയിൽ നടപടിയുണ്ടാകണം. ഒരു കാരണവശാലും പരാതി സ്വീകരിക്കാത്ത അവസ്ഥ ഉണ്ടാകരുത്. പരാതിയിൽമേൽ വസ്തുനിഷ്ഠമായ അന്വേഷണം നടത്തി വേണം നടപടി സ്വീകരിക്കേണ്ടത്.

പോലീസുകാരുടെ എണ്ണത്തിലുള്ള കുറവും പരിമിതികളും പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും. പോലീസ് നവീകരണത്തിന് സർക്കാർ എല്ലാ സഹായവും നൽകും. ശാസ്ത്രീയമായി കേസ് തെളിയിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ സർക്കാർ ഒരുക്കും. കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കുന്ന നടപടികൾ ഉണ്ടാകും. പോലീസ് സ്റ്റേഷനുകൾക്ക് പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിങ് നല്കുന്നത് ആലോചിക്കും.

പോലീസ് ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ നിലപാടിന്റെ അടിസ്ഥാനത്തിലല്ല, നിയമവും നീതിയും നോക്കിയാകണം കേസുകളിൽ തീരുമാനം ഉണ്ടാക്കേണ്ടത്. ക്രിമിനൽ കേസുകളിൽ കുറ്റവാളികൾ രക്ഷപ്പെടുന്ന അവസ്ഥ ഉണ്ടാകരുത്. പാവപ്പെട്ടവരോട് ഒരു മനോഭാവം, സമ്പന്നരോട് മറ്റൊരു മനോഭാവവും എന്ന പ്രവണത ഒരിക്കലും ഉണ്ടാകരുത്.

ഗുണ്ടാ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. 80 ശതമാനവും ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ്. അതുപോലെ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്ന മാഫിയ സംഘങ്ങളുമുണ്ട്. അത്തരക്കാരെ കണ്ടെത്തി നിയമത്തിനുമുന്നിലെത്തിക്കുക എന്നതാവണം പോലീസ് നയം. അതിൽ വീഴ്ച്ച വരുത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കും.

യു.എ.പി.എ ഒഴിവാക്കാനാവാത്ത കേസുകളിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ചേ നടപടിയെടു ക്കാവൂ. കാപ്പ ചുമത്തുന്നതും മാനദണ്ഡങ്ങൾക്കനുസരിച്ചാവണം. രാഷ്ട്രീയക്കാർക്കെതിരെ കാപ്പ ചുമത്തുന്നത് സർക്കാർ നയമല്ല.

കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന കേസുകൾ, കാണാതാകുന്ന കേസുകൾ എന്നിവയിൽ വേഗത്തിൽ അന്വേഷണത്തിനു സ്പെഷ്യൽ ടീം ഉണ്ടാക്കണം. തിരക്കേറിയ സ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കി ജനങ്ങൾക്ക് സുരക്ഷ നൽകണം. തെളിയിക്കപ്പെടാത്ത കേസുകൾ തെളിയിക്കുന്നതിന് എസ്.പി.മാർ നേരിട്ട് മേൽനോട്ടം നൽകണം. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് തടയാനും ശക്തമായ സംവിധാനം ഉണ്ടാകണം.

ജാതി, സമുദായം, കക്ഷി രാഷ്ട്രീയം തുടങ്ങിയ ഒരു തരത്തിലുമുള്ള പക്ഷപാതിത്വവും പോലീസ് പ്രവർത്തനരീതിയിൽ പാടില്ല. പോലീസ്അനാവശ്യമായി പ്രകോപിതരാകരുത്. ആവശ്യം വേണ്ടിവന്നാൽ ഏറ്റവും കുറഞ്ഞ ബലപ്രയോഗം മാത്രം നടത്താൻ ശ്രദ്ധിക്കണം. പോലീസ് സ്റ്റേഷനുകളിൽ ജനങ്ങളെ സ്വീകരിക്കാൻ പി.ആർ.ഒ സംവിധാനം കാര്യക്ഷമമാക്കണമെന്നും അദ്ദേഹം നിർദേശിച്ചു, മതനിരപേക്ഷതയിൽ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാവണം പോലീസ് നടപ്പാക്കേണ്ടത്. അതിൽ നിന്നും വ്യതിചലിച്ചാൽ കർശന നടപടിയുണ്ടാകും. പോലീസിൽ അച്ചടക്കം പരമപ്രധാനമാണ്. അതിൽ ഒരു വിട്ടുവീഴ്ചയും

അനുവദിക്കില്ല.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെടുന്നത് ട്രാഫിക് അപകടങ്ങളിലാണ്. അത് കുറയ്ക്കാൻ പരിശോധന കൃത്യമായി നടത്തണം. പക്ഷേ പരിശോധനാ വേളയിൽ മാന്യമായ പെരുമാറ്റം ഉറപ്പാക്കണം. ഒരു കാരണവശാലും ജനങ്ങളോട് തട്ടിക്കയറരുത്. സമരങ്ങളും മറ്റും നടക്കുമ്പോൾ കഴിയുന്നതും ഗതാഗത തടസ്സമുണ്ടാകാതെ നോക്കാൻ ശ്രദ്ധിക്കണം. ഇത് ബലപ്രയോഗത്തിലൂടെ പാടില്ല. നല്ല സമീപനത്തിലൂടെയാവണം.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ, സി.ഐ.മാർ, ഡിവൈ.എസ്.പി.മാർ മുതൽ ഐ.ജി.വരെയുള്ള ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ആഭ്യന്തര സെക്രട്ടറി സുബ്രതോ വിശ്വാസ്, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, മുഖ്യമന്ത്രിയുടെ പോലീസ് ഉപദേഷ്ടാവ് രമൺ ശ്രീവാസ്തവ, ഇന്റലിജൻസ് ഡി.ജി.പി. മുഹമ്മദ് യാസിൻ, എ.ഡി.ജി.പി. ഡോ.ബി. സന്ധ്യ, ഐ.ജി. മനോജ് എബ്രഹാം വിവിധ ജില്ലകളിലെ കമ്മീഷണർമാർ, എസ്.പി.മാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

************